പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1843</u> <u>16.06.2014 ൽ മറുപടിക്ക്</u>

<u>നിർഭയ കേരളം-സുരക്ഷിത കേരളം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>,, വി.എം. ഉമ്മർമാസ്റ്റർ<br>,, പി. ഉബൈദുള്ള<br>,, പി.കെ. ബഷീർ | ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) നിർഭയകേരളം-സുരക്ഷിത കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് നിർഭയകേരളം സുരക്ഷിത കേരളം എന്ന പദ്ധതി നടപ്പിലാക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ ബോധവൽക്കരണം നടത്തുക, ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സംരക്ഷണവും, പുനരധിവാസവും നൽകുക തുടങ്ങിയവയും പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളിൽപ്പെടുന്നു. |
| (ബി) നിലവിൽ സ്ത്രീകളുടെയും, കുട്ടികളുടെയും സുരക്ഷയുമായി ബന്ധപ്പെട്ട് ഏതെങ്കിലും പദ്ധതി പ്രവർത്തിക്കുന്നുണ്ടോ; അത്തരം പദ്ധതികൾ 'നിർഭയ കേരളം' പദ്ധതിയോടൊപ്പം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) നിലവിൽ സ്ത്രീകളെയും കുട്ടികളുടെയും സുരക്ഷയുമായി ബന്ധപ്പെട്ട് Anti Human Trafficking Unit കളും ജുവനൈൽ പോലീസ് യൂണിറ്റുകളും, വനിതാസെല്ലുകളും, സംസ്ഥാന വനിതാ സെല്ലും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ വനിതാസെല്ലുകളും സംസ്ഥാന വനിതാസെല്ലും നിർഭയ പദ്ധതിയുമായി യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ പോലീസ് വകുപ്പിൽ എന്തൊക്കെ മാറ്റങ്ങൾ ആവശ്യമുണ്ടെന്നും, അവ എങ്ങനെയാണ്പ്രയോഗത്തിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | പോലീസ് സേനയുടെ പ്രത്യേകിച്ചും വനിതാപോലീസിന്റെ അംഗബലം വർദ്ധിപ്പിച്ചും പോലീസ് സ്റ്റേഷനുകൾ സ്ത്രീ സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിച്ചും വനിതാവോളണ്ടിയർമാരെ തെരഞ്ഞെടുത്തും അവർക്ക് പരിശീലനം നൽകി പോലീസുദ്യോഗസ്ഥരുമായി ചേർന്ന് പ്രവർത്തിച്ചും പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ